**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2589** **21-01-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ വിനോദ സഞ്ചാര പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | **Shri. Kadakampally Surendran**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ വിനോദ സഞ്ചാര വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നത് എന്ന് വിശദമാക്കാമോ; | (എ) | കോതമംഗലം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ വിനോദസഞ്ചാര വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതിയാണ്. "Balance Work in connection with the Development of Bhoothathankettu as a Tourist Destination". ഈ പദ്ധതിയ്ക്കായി GO(Rt) No. 388/2017/TSM dtd. 08.08.2017 ഉത്തരവ് പ്രകാരം 2,35,40,000/- രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. |
| (ബി) | ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ; | (ബി) | ഭൂതത്താൻകെട്ട് വിനോദസഞ്ചാര പദ്ധതി പെരിയാർ വാലി ഇറിഗേഷൻ പദ്ധതി (PVIP) മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. 2020 ഒക്ടോബർ 22 തീയതി ഉദ്ഘാടനം ചെയ്യുകയും ആയത് ഭൂതത്താൻകെട്ട് ഡി.എം.സി യുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. |
| (സി) | നടന്നു വരുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വിശദമാക്കാമോ; | (സി) | നിലവിൽ നടന്നു വരുന്ന പദ്ധതികൾ ഒന്നും തന്നെയില്ല. |
| (ഡി) | ടൂറിസം വികസനത്തിന് ഏറെ സാധ്യതയുള്ള കോതമംഗലം മണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പ് വഴി പുതുതായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | കോതമംഗലം നിയോജക മണ്ഡലത്തിലെ വിനോദസഞ്ചാര സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ഭൂതത്താൻകെട്ട് ഡാമിൽ സൗരോർജ്ജ ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചു വരുന്നു. അതോടൊപ്പം കുട്ടമ്പുഴ കേന്ദ്രീകരിച്ച് ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ